# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


**വാർത്താക്കുറിപ്പ്(2)**

**2024 ജനുവരി 9**

---

## പോളിമെർ ടെക്നോളജി രാജ്യാന്തര കോൺഫറൻസ് 12 മുതൽ

പോളിമെർ ടെക്നോളജി അന്താരാഷ്ട്ര കോൺഫറൻസ് ജനുവരി 12 മുതൽ 14 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സർവകലാശാലയിലെ ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് ടെക്നോളജി(ഐഐയുസിഎൻഎൻ) സംഘടിപ്പിക്കുന്ന പരിപാടി 12ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

സെൻറർ ഡയറക്ടർ ഡോ. സാബു തോമസ് അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റ് അംഗം ഡോ. നന്ദകുമാർ കളരിക്കൽ ആശംസയർപ്പിക്കും. മാക്രോ മോളിക്കുലാർ സയൻസിൻറ വളർച്ച നിലവിലെ വെല്ലുവിളികൾ, സാധ്യതകൾ തുടങ്ങിയവയെക്കുറിച്ച് രാജ്യാന്തര പ്രശസ്തരായ വിദഗ്ധർ പ്രഭാഷണം നടത്തും.

ഊർജ്ജസംരക്ഷണം, ജലശുദ്ധീകരണം, ഇലക്ട്രോണിക്സ്, കൃഷി, ടെക്സ്റ്റൈൽ പാക്കിംഗ് തുടങ്ങിയ മേഖലകളിൽ പോളിമെറുകളുടെ ഉപയോഗം സംബന്ധിച്ച് സമ്മേളനം ചർച്ച ചെയ്യും.

യു.എസ്. ന്യൂസിൻറെ 2022-23ലെ റാങ്കിംഗിൽ പോളിമെർ സയൻസിൽ ഉന്നത പഠനത്തിനുള്ള രാജ്യത്തെ ഏറ്റവും മികച്ച സർവകലാശാലയായി എം.ജി. സർവകലാശാല തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ഈ മേഖലയെക്കുറിച്ചുള്ള വിശദമായ ചർച്ചകൾക്കാണ് സമ്മേളനം അവസരമൊരുക്കുന്നതെന്ന് പ്രഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ/39/30/2024)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ കഥകളി വേഷം (കോർ ആൻറ് ഓപ്പൺ കോഴ്സ് പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2017-2020 അഡ്മിഷൻ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 29,30,31 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

മൂന്നാം സെമസ്റ്റർ ബി.വോക് സസ്റ്റെയ്നബിൾ അഗ്രികൾച്ചർ(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 25 മുതൽ പാലാ സെൻറ് തോമസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.........................

കഴിഞ്ഞ ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച മൂന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ സോഫ്റ്റ് വെയർ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 16,17 തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/31/2024)

## വൈവ വോസി

ഒന്നാം സെമസ്റ്റർ എൽ.എൽ.എം(2022 അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ഓഗസ്റ്റ് 2023) പരീക്ഷയുടെ ടീച്ചിംഗ് പ്രാക്ടീസ്, വൈവ വോസി പരീക്ഷകൾ ജനുവരി 15 മുതൽ 19 വരെ എറണാകുളം ഗവൺമെൻറ് ലോ കോളജിൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/32/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം(സി.എസ്.എസ് - 2016-2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2012-2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) സ്കീമിൻറെ 2017-2018 അഡ്മിഷൻ വിദ്യാർഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 23 വരെ ഓൺലൈനിൽ സമർപ്പിക്കാം.

......................

കഴിഞ്ഞ ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ്, എം.എസ്.സി ബയോഇൻഫോർമാറ്റിക്സ് (റഗുലർ, സപ്ലിമെൻററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ജനുവരി 23 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/33/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**